(സി) ആറുമാസത്തിലേറെ സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്ന വിചാരണത്തടവുകാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ശിക്ഷിക്കപ്പെട്ട എത്ര സ്ത്രീ തടവുകാർ ഉണ്ടെന്ന് വിശദീകരിക്കാമോ ;

(ഇ) തടവുകാരെ പണിയെടുപ്പിക്കുന്നതിന് കൊടുക്കുന്ന പ്രതിഫലം എത്രയാണ് ;

(എഫ്) ഈ പ്രതിഫലം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അത് എന്നത്തേക്ക് നടപ്പിലാക്കും ?

ഉത്തരം

(എ) തിരുവനന്തപുരം .. 783
കണ്ണൂർ .. 684
വിയ്യൂർ .. 178
ആകെ .. 1645

(ബി) ജീവപര്യന്തം തടവുകാരുടെ വിവരം താഴെ കൊടുക്കുന്നു.

തിരുവനന്തപുരം .. 572
കണ്ണൂർ .. 425
വിയ്യൂർ .. 59
ആകെ .. 1056

വിചാരണത്തടവുകാരുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം .. 25
കണ്ണൂർ .. 4
വിയ്യൂർ .. 8
ആകെ .. 37

(ഇ) വ്യത്യസ്ത ജോലികൾക്ക് വ്യത്യസ്ത നിരക്കിൽ വേതനം നൽകിവരുന്നു.

(എഫ്, ജി) വേതന വർദ്ധനവു സംബന്ധിച്ച ഒരു കേസ് സുപ്രീം കോടതിയിൽ നിലവിലുണ്ട്. കോടതി തീരുമാനം കഴിയുന്നതുവരെ പ്രതിഫലം വർദ്ധിപ്പിക്കുവാൻ ഉദ്ദേശമില്ല.

മരണപ്പെടുന്ന തടവുകാർ

1187. [1621]. ശ്രീ. എം. വി. രാഘവൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാർ മരണപ്പെടുന്ന അവസരത്തിൽ ആ വിവരം ബന്ധുക്കളെ ഏതു രീതിയിലാണ് അറിയിക്കാറുള്ളത് ; ഇതിനകം ആരുടെയെങ്കിലും മരണവിവരം യഥാസമയം അറിയിക്കാൻ കഴിയാതെപോയിട്ടുണ്ടോ ;

(ബി) മരണപ്പെട്ട തടവുകാരന്റെ കുടുംബം സാമ്പത്തികമായി തകർന്നതും മൃതദേഹം കൊണ്ടുപോകുവാൻ സാമ്പത്തിക കഴിവ് ഇല്ലാത്തതുമാണെങ്കിൽ അത്തരം കുടുംബങ്ങൾക്ക് മൃതദേഹം വീട്ടിൽ എത്തിക്കാനുള്ള വാഹന ചെലവ് ഗവൺമെന്റ് നൽകുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടെലഗ്രാം മുഖേന ബന്ധുക്കളെ വിവരം അറിയിക്കുന്നു. പിന്നീട് ടെലഗ്രാമിന്റെ പകർപ്പിനോടൊപ്പം വിശദമായ കത്തും തപാൽ മാർഗ്ഗം അയയ്ക്കാറുണ്ട്. എന്നാൽ ഒരാളുടെ കാര്യത്തിൽ മേൽവിലാസക്കാരൻ എവിടെ എന്നറിയാൻ പാടില്ലാത്തതിനാൽ ടെലഗ്രാമും കത്തും മടങ്ങി വന്നിട്ടുണ്ട്.

(ബി) സാമ്പത്തിക കഴിവില്ലാത്ത ചില കേസുകളിൽ അർഹത പരിശോധിച്ച് വാഹനച്ചെലവ് സർക്കാർ നൽകിയിട്ടുണ്ട്.

മണിയൻ എന്ന ഹരിജൻ യുവാവ് മരണമടഞ്ഞ കേസ്

1188. [1624] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരുത്തിപ്പള്ളി ഫോറസ്റ്റ് റേഞ്ച് ഓഫീസിൽവച്ച് മണിയൻ എന്ന ഹരിജൻ യുവാവ് മരണമടഞ്ഞ ഒരു കേസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആ കേസിൽ ഗവൺമെന്റ് കീഴ്കോടതി വിധിക്കെതിരെ അപ്പീൽ കൊടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ ;

(ഡി) കൊല്ലപ്പെട്ട മണിയന്റെ സഹോദരൻ സാബുവിനെ 12-2-1985-ൽ കുറ്റിച്ചൽ ജംഗ്ഷനിൽവച്ച് ഒരു സംഘം അക്രമികൾ മർദ്ദിച്ചതു സംബന്ധിച്ച് നെയ്യാർ ഡാം പോലീസ് സ്റ്റേഷനിൽ നൽകിയിരുന്ന പരാതിയിൻമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു ;

(ഇ) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ വെളിവാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പ്രസ്തുത കേസിലെ പ്രധാനപ്പെട്ട സാക്ഷികൾ പ്രതികൾക്ക് അനുകൂലമായി കോടതിയിൽ മൊഴി നൽകുകയാൽ അപ്പീലിന് സാദ്ധ്യതയില്ലെന്ന് പബ്ലിക് പ്രോസിക്യൂട്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എങ്കിലും ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന്റെ സാദ്ധ്യതയെക്കുറിച്ച് ഡി.പി.പി.യുമായി അന്വേഷിച്ച് നിയമോപദേശം തേടുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

(ഡി, ഇ) സാബുവിനെ മർദ്ദിച്ചവരെ നെയ്യാർ ഡാം പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി സബ് ഇൻസ്പെക്ടർ താക്കീതു നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

ജോൺസന്റെ തിരോധാനത്തെക്കുറിച്ചുള്ള അന്വേഷണം

1189 [1625] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോൺസന്റെ തിരോധാനത്തെക്കുറിച്ച് പാറശാല പോലീസ് സ്റ്റേഷനിൽ ക്രൈം 108/85 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണഫലം എന്താണ് ;

(ബി) ജോൺസൺ കൊലചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുത്തരവാദിയായ ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly